LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തൊഴിൽ

261(2816) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സീനിയോറിറ്റി മറികടന്ന് ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരത്തിൽ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതിന് എംപ്ലോയ്മെന്റ് ഓഫീസർക്ക് വിവേചനാധികാരമുണ്ടോ ; വിശദമാക്കുമോ ;

(ബി) ജനറൽ വിഭാഗക്കാർക്കും പിന്നോക്ക വിഭാഗക്കാർക്കും എംപ്ലോയ്മെന്റ് ഒഴിവിലേക്ക് പരിഗണിക്കുന്നതിനുള്ള പ്രായപരിധി 50 വയസ്സ് എന്നത് പിന്നോക്ക വിഭാഗക്കാർക്ക് പ്രായപരിധി 55 വയസ്സ് ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കണ്ണൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 20 വർഷം സീനിയോറിറ്റിയുള്ളതും എന്നാൽ നാളിതുവരെ ഒരു തൊഴിലിനും പരിഗണിച്ചിട്ടില്ലാത്ത എസ്.സി./എസ്.റ്റി. വിഭാഗക്കാരുടെ പേര് വിവരം പ്രസിദ്ധപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പരിഗണനയിലില്ല.

(സി) പേരും വിശദാംശങ്ങളും ഉൾപ്പെട്ട സി.ഡി. ലഭ്യമാക്കുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുവർ

262 (2817) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര പേർ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പേര് രജിസ്റ്റർ ചെയ്തു; ഇതിൽ ഡോക്ടർമാർ (അലോപ്പതി, ഹോമിയോ, ആയുർവേദം), എഞ്ചിനീയർമാർ, നേഴ്സസ് (BSC Nursing/MSC Nursing) എന്നിവരുടെ പ്രത്യേക കണക്കുകൾ ലഭ്യമാക്കുമോ ;